ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM

## പ്രധാനവാർത്തകൾ

DATE: 30.06.2026

1. വിദ്യാസമ്പന്നരായ യുവജനങ്ങൾ പാർശ്വവത്കൃത സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2. ട്രോളിങ്ങ് നിരോധന കാലയളവിൽ മത്സ്യ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട് ; ദേശീയ പരീക്ഷ സംവിധാനത്തിൽ, സമഗ്ര പരിഷ്കരണം ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ പാസ്സാക്കി.

3. പകർച്ചവ്യാധി പ്രതിരോധത്തിനായുള്ള സ്കൂൾതല പ്രചാരണ പരിപാടിയ്ക്ക് സംസ്ഥാനത്ത് തുടക്കം. മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം നിർവഹിച്ചു.

4. തൃശ്ശൂരിലെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിന് മന്ത്രിമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ചർച്ച നാളെ .

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത ; കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് ഐവറി കോസ്റ്റ്, നോർവേയെ നേരിടും.

*********************************

KNUTVPM

## രാഷ്ട്രപതി

തുല്യതയിലൂന്നിയ സമൂഹത്തിൻറെ സൃഷ്ടിക്കായി വിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് രാഷ്ട്രപതി ദ്രൗപെദി മുർമു. ആന്ധ്രാപ്രദേശിലെ സെൻട്രൽ ട്രൈബൽ സർവകലാശാലയുടെ ബിരുദദാന ചടങ്ങിനെ അഭിസംബോധനെ ചെയ്യുകയായിരുന്നു രാഷ്ട്രപതി. വിദ്യാസമ്പന്നരായ യുവജനങ്ങൾ പാർശ്വവത്കൃത സമൂഹത്തിൻറെ ഉന്നമനത്തിനായി പ്രവർത്തിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു. 373 വിദ്യാർത്ഥികൾ രാഷ്ട്രപതിയിൽ നിന്നും ബിരുദം സ്വീകരിച്ചു.

*********************************

## നിയമസഭ - വാക്ക് ഔട്ട് (ഇൻട്രോ)

ട്രോളിങ് നിരോധന കാലയളവിൽ സംസ്ഥാനത്തെ മത്സ്യ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. പ്രതിപക്ഷത്ത് നിന്ന് സജി ചെറിയാൻ ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**

RNU TVPM

**(വോയ്സ്)**

*********************************

## നീറ്റ് നിയമസഭ

നീറ്റ് പരീക്ഷ ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ദേശീയ പരീക്ഷ സംവിധാനം സമഗ്രമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം സംസ്ഥാന നിയമസഭ പാസ്സാക്കി. ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം.ജോൺ ആണ് പ്രമേയം അവതരിപ്പിച്ചത്. പ്രവേശന പരീക്ഷയുടെ വിശ്വാസ്യത ആവർത്തിച്ച് ചോദ്യം ചെയ്യപ്പെടുകയാണെന്നും വീഴ്ച

വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രമേയം ആവശ്യപ്പെടുന്നു. ബിജെപി അംഗം വി.മുരളീധരൻ നിർദ്ദേശിച്ച ഭേദഗതി വോട്ടിനിട്ട് തള്ളിക്കൊണ്ടാണ് പ്രമേയം സഭ പാസ്സാക്കിയത്.

**********************************

## മന്ത്രി സി പി ജോൺ (ഇൻട്രോ)

പ്രിയദർശിനി സൗജന്യയാത്രയുമായി ബന്ധപ്പെട്ട് കെ എസ് ആർ ടി സി ഓർഡിനറി ബസുകളും സ്വകാര്യബസുകളും ഒരുമിച്ചോടുന്ന ചില റൂട്ടുകളിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണെന്ന് ഗതാഗത മന്ത്രി സി പി ജോൺ പൊതുഗതാഗത സംവിധാനം എല്ലാവരിലേക്കും എത്തണമെന്ന നിലപാടാണ് സർക്കാറിന് ഉള്ളതെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

**********************************

## മന്ത്രി കെ. മുരളീധരൻ

പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർഥികൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് മന്ത്രി കെ. മുരളീധരൻ. ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന പകർച്ചവ്യാധി പ്രതിരോധ സ്കൂൾതല പ്രചാരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് ആഴ്ചയിൽ മൂന്ന് ദിവസം 'ഡ്രൈ ഡേ' ആചരിച്ച് കൊതുക് വളരാൻ സാദ്ധ്യതയുള്ള ഇടങ്ങൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ മന്ത്രി മന്ത്രി എൻ.ഷംസുദ്ദീൻ വിദ്യാർഥികൾക്ക് ചടങ്ങിൽ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**********************************

RNU TVPM

## നിപ,ഷിഗെല്ല-കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ നിപ ഭീതി ഒഴിഞ്ഞതായി ആരോഗ്യമന്ത്രി കെ. മുരളീധരൻ. നിലവിൽ ചികിത്സയിലുള്ള രോഗിയുടെ രണ്ട് സ്രവസാമ്പിളുകളും നെഗറ്റീവായി. രോഗബാധിതൻറെ സമ്പർക്കപ്പട്ടികയിലുണ്ടായിരുന്ന എല്ലാവരും ക്വാറൻ്റെൻ വിജയകരമായി പൂർത്തിയാക്കിയതായും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് ഇന്ന് എട്ട് പേർക്ക് ഷിഗെല്ലയും 155 പേർക്ക് ഡെങ്കിപ്പനിയും സ്ഥിരീകരിച്ചിട്ടുണ്ട്. 12,000 ലേറെപ്പേർ പനിയെ തുടർന്ന് വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ഇന്ന് ചികിത്സ തേടി. എലിപ്പനി ബാധിച്ചുള്ള രണ്ട് മരണവും ഇന്ന് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തു.

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

RNU TVPM

*********************************

## യാത്രയയപ്പ്

ദീർഘകാലത്തെ സേവനത്തിന് ശേഷം സർവീസിൽ നിന്ന് വിരമിച്ച ചീഫ്സെക്രട്ടറി എ.ജയതിലക് , അഡിഷണൽ ചീഫ് സെക്രട്ടറി രാജൻ ഖൊബ്രഗഡെ എന്നിവർക്ക് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ യാത്രയയപ്പ് നൽകി . മുഖ്യമന്ത്രി വി. ഡി സതീശനും, മന്ത്രിമാരുമുൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. നിസ്തുല സേവനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിൻറെ നന്ദി മുഖ്യമന്ത്രി ചടങ്ങിൽ രേഖപ്പെടുത്തി. 1992 ബാച്ചിലെ ഐ.എ.എസ് ഉദ്യോഗസ്ഥനായ

ബിശ്വനാഥ് സിൻഹയാണ് സംസ്ഥാനത്തിൻറെ പുതിയ ചീഫ് സെക്രട്ടറി.

**************************************

## തൃശൂർ നേഴ്സ് സമരം

തൃശ്ശൂരിലെ സ്വകാര്യ ആശുപത്രികളിൽ തുടരുന്ന നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിൽ സെക്രട്ടേറിയേറ്റിൽ നാളെ വൈകുന്നേരം ചർച്ച നടക്കും. തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണയും, ആരോഗ്യമന്ത്രി കെ.മുരളീധരനും സംയുക്തമായാണ് ചർച്ചയ്ക്ക് നേതൃത്വം നൽകുന്നത്. ആശുപത്രി മാനേജ്മെന്റ് പ്രതിനിധികളും, UNA , തൊഴിലാളി യൂണിയൻ ഭാരവാഹികളും ചർച്ചയിൽ പങ്കെടുക്കും.

**************************************

## സെൻസസ് - സെൻഫ് എന്യുമറേഷൻ

RNU TVPM

ദേശീയ സെൻസസിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തം വിവരങ്ങൾ സ്വമേധയാ നൽകാൻ കഴിയുന്ന സെൽഫ് എന്യുമറേഷൻ സൗകര്യത്തിനുള്ള സമയപരിധി സംസ്ഥാനത്ത് ഇന്ന് രാത്രി 12 മണിയോടെ അവസാനിക്കും. se.census.gov.in എന്ന പോർട്ടലിൽ ലോഗിൻ ചെയ്താണ് വിവരങ്ങൾ നൽകേണ്ടത്. നാളെ മുതൽ പ്രത്യേകം നിയോഗിക്കപ്പെട്ട സെൻസസ് എന്യുമറേറ്റർമാർ ഓരോ വീടുകളിലുമെത്തി വിവര ശേഖരണം ആരംഭിക്കും.

**************************************

## നെല്ല് സംഭരണം-പാലക്കാട് (ഇൻട്രോ)

രണ്ടാം വിള നെല്ല് സംഭരണത്തിൽ ജൂൺ 20 വരെയുള്ള പി. ആർ. എസ്സുകളിൽ വില വിതരണത്തിന് അനുമതിയായി.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......

(വോയ്സ്)

****************************************

## മട്ടന്നൂർ അധ്യാപകൻ മർദിച്ച സംഭവം

കണ്ണൂർ മട്ടന്നൂരിൽ രണ്ടാം ക്ലാസ് വിദ്യാർത്ഥിയെ അധ്യാപകൻ മർദിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. ബോർഡിൽ എഴുതിയത് പകർത്തിയെഴുതാൻ വൈകിയതിനാണ് അധ്യാപകൻ കുട്ടിയെ മർദിച്ചത്.

****************************************

## ഫിഫാ ലോകകപ്പ് ഫുട്ബോൾ

ഫിഫാ ലോകകപ്പ് ഫുട്ബോൾ നോക്ക് ഔട്ട് മത്സരത്തിൽ ഇന്ന് രാത്രി 10.30 ന് ഐവറി കോസ്റ്റ് നോർവേയെ നേരിടും. രാത്രി 2.30 നാണ് ഫ്രാൻസ്-സ്വീഡൻ പോരാട്ടം. നാളെ പുലർച്ചെ 6.30 നാണ് മെക്സിക്കോ-ഇക്വഡോർ മത്സരം. ഇന്ന് പുലർച്ചെ നടന്ന മത്സരത്തിൽ മൊറോക്കോ, നെതർലൻഡ്സിനെയും പരാഗ്വേ, ജർമ്മനിയെയും പരാജയപ്പെടുത്തി , പ്രീ ക്വാർട്ടറിൽ കടന്നു.

RNU TVPM

****************************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത നൽകി. 10 ജില്ലകളിൽ ഇന്നും 7 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***********************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 249 പോയിന്റ് താഴ്ന്ന് 76,478 ലും നിഫ്റ്റി 80 പോയിന്റ് ഇടിഞ്ഞ് 23,865 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണവില വർദ്ധിച്ചു. പവന് 1,400 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി നാലായിരത്തി 160 രൂപയും ഗ്രാമിന് 13,020 രൂപയുമാണ് ഇന്നത്തെ വില.

***********************************

## അന്തരിച്ചു

മലയാള മനോരമ മുൻ സീനിയർ ഫോട്ടോഗ്രാഫർ പി.ആർ. ദേവദാസ് അന്തരിച്ചു. എഴുപത് വയസ്സായിരുന്നു. കോട്ടയത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.സ്വദേശാഭിമാനി അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ അദ്ദേഹം നേടിയിട്ടുണ്ട്.

RNU TVPM

***********************************

## കൊച്ചി വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോയുടെ മാതൃകയിൽ ആലപ്പുഴ, കൊല്ലം ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുമെന്ന് ഗതാഗത മന്ത്രി സി.പി ജോൺ . ഇതിന്റെ സാധ്യതകളെക്കുറിച്ച് കൊച്ചി മെട്രോ റെയിൽ മുഖേന പഠനം നടത്തി റിപ്പോർട്ട് ദേശീയ ജലപാത അതോറിറ്റിക്ക് സമർപ്പിച്ചതായും മന്ത്രി നിയമസഭയിൽ വ്യക്തമാക്കി .പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തുടനീളം എം.വി.ഡി സേവാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണെന്നും ഗതാഗത മന്ത്രി പറഞ്ഞു.

***********************************

## വജ്രജൂബിലി- പാങ്ങോട്

തിരുവനന്തപുരം പാങ്ങോട് സൈനിക ആസ്ഥാനത്തിൻറെ വജ്രജൂബിലി ആഘോഷങ്ങൾ ഇന്നലെ നടന്നു. യുദ്ധസ്മാരകത്തിൽ പുഷ്പചക്ര സമർപ്പണത്തോടെ യാണ് ചടങ്ങുകൾ ആരംഭിച്ചത് . തുടർന്ന് നടന്ന പ്രത്യേക സൈനിക സമ്മേളനത്തിൽ പാങ്ങോട് സൈനിക കേന്ദ്ര മേധാവി ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ മികച്ച ഉദ്യോഗസ്ഥരെ ആദരിച്ചു.

********************************************

## കേരള സർവകലാശാല

കേരള സർവകലാശാലയുടെ ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായി അഡ്വ. ഗിരിജ ഗോപാലിനെ നിയമിച്ചു. നിലവിൽ സ്റ്റാൻഡിംഗ് കൗൺസലായിരുന്ന അഡ്വ. തോമസ് എബ്രഹാമിന് പകരമായാണ് നിയമനം.

********************************************

## മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം പാറശാല താലൂക്ക് ആശുപത്രിയിൽ ഉദ്ഘാടനം കഴിഞ്ഞ പുതിയ കെട്ടിടം പൂർണമായും പ്രവർത്തനസജ്ജമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ നിയമനം നാലാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കാനും, കേടായ ആംബുലൻസ് ഉടൻ നന്നാക്കാനും കമ്മീഷൻ ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകി.പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മിഷൻ സ്വമേധയാ എടുത്ത കേസിലാണ് നടപടി.

RNU TVPM